15th November 2015 / Sunday 21st day of 90 days

*വിശുദ്ധ യോഹന്നാൻ 6:63*

***ആത്മാവാണ് ജീവൻ നൽകുന്നത്, ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്.***

**പരിശുദ്ധാത്മാവിനെ പ്രാപിക്കണമെങ്കിൽ നാം വീണ്ടും ജനിക്കേണം. വീണ്ടും ജനനത്തിൽ പരിശുദ്ധാത്മാവിന്റെ നിറവ് അനുഭവമാകണം. വിശുദ്ധ മാമോദീസാ സമയത്ത് പുരോഹിതൻ ശിശുവിന്റെ മേൽ ഊതുന്നു. ഇതിന്റെ ആത്മീയ വശം അറിയാതെ വിശുദ്ധ കൂദാശയിൽ പങ്കെടുക്കുന്നതും അറിഞ്ഞിട്ടും ലാഘവത്തോടെ സഹകരിക്കുന്നതും നീതികരിക്കപ്പെടണമെന്നില്ല. പുരോഹിതർ ഇതിന്റെ ആത്മീയ വശം പങ്കെടുക്കുന്നവർക്ക് പകർന്ന് കൊടുക്കുകയും, വിവാഹ കൂദാശയ്ക്കു മുമ്പ് നടത്തുന്ന പ്രബോധനത്തിന്റെ തുടർച്ചയായി, വിശുദ്ധ മാമോദീസാ പ്രബോധനം ക്രമീകരിച്ചാൽ നല്ല തലമുറയെ സൃഷ്ടിച്ച് കർത്താവിന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. ഇല്ലെങ്കിൽ നമ്മുടെ കാര്യങ്ങൾ നടക്കാൻ ദൈവത്തെ നാം വലിച്ചിഴക്കുകയാണ്. ശരീരത്തിന്റെ ഭംഗിയ്ക്കും ആകൃതിയ്ക്കും വേണ്ടി ധാരാളം പണം ചിലവാക്കുമ്പോൾ തന്നെ ആത്മാവിന്റെയും പ്രാണന്റെയും രക്ഷയ്ക്കുവേണ്ടി, ശുദ്ധീകരണം പ്രാപിച്ച് ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരുന്ന് പിടിച്ചെടുത്ത് ജീവിതത്തെ ക്രമപ്പെടുത്തി, നന്മകളാൽ തിന്മകളെ തോൽപ്പിച്ച് മനുഷ്യഹൃദയങ്ങളിൽ ദൈവരാജ്യത്തിന്റെ അതിർത്തി വിസ്തൃതമാക്കണം. വിശ്വാസികളായ നമ്മുടെ സംസാരങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, ഇടപെടലുകൾ എന്നിവ ക്രിസ്തുവിന്റെ മഹത്വം വിളിച്ചോതുന്നത് ആകണം. പരിശുദ്ധാത്മാവ് നിറഞ്ഞ് സംസാരിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞാൽ മാത്രമേ കേൾവിക്കാരെ നേടിയെടുക്കാൻ കഴിയൂ. നമ്മുടെയും മക്കളുടെയും കൊച്ചുമക്കളുടെയും ഭാവി ശുഭമായിരിക്കാൻ സ്ഥിരനിക്ഷേപം വർദ്ധിപ്പിക്കുന്നതുപോലെ, ആത്മാവിന്റെയും ദേഹിയുടെയും ഭാവി എങ്ങനെ സുരക്ഷിതമാക്കാം. വീണ്ടും ജനിക്കാത്ത വിശ്വാസികളുടെ ശ്വാസം പോയതിനുശേഷം പ്രാണനെ വളർത്താമെന്നും മണവാട്ടിസഭയിൽ ചേർന്ന് ജീവിക്കാമെന്നും കരുതുന്നവർ ധനികന്റെയും ലാസറിന്റെയും ഉപമ ഓർക്കുന്നത് നല്ലതാണ്. വഴിയും സത്യവും ജീവനുമായ യേശുവിനെ അറിഞ്ഞ് വിശ്വസിച്ച് നിത്യജീവനുവേണ്ടി സമാധാനമായ യേശുവിനെ മുറുകെ പിടിച്ച്, ദൈവസന്നിധിയിൽ നീതിയുള്ളവരായി, നന്മകൾ ചെയ്തു സ്വർഗ്ഗത്തെ സന്തോഷിപ്പിക്കണം. കർത്താവിന്റെ രണ്ടാം വരവിൽ, മദ്ധ്യാകാശത്തേക്ക് ഉയിർന്നുചെല്ലുവാൻ തങ്കചിറകുകൾ നേടിയെടുത്ത് ആ നിമിഷത്തിനായി കാത്തിരിക്കാം. ശരീരത്തിന്റെ രക്ഷയെക്കാൾ ഉപരിയായി ആത്മാവിന്റെയും പ്രാണന്റെയും രക്ഷയും നാം കരുതി നിത്യജീവിതത്തെ ദൈവസന്നിധിയിൽ സമർപ്പിക്കാം.**